# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 247* — 19.06.2018-ൽ മറുപടിക്ക്

### നഗരസഭകൾക്ക് പരസ്യനികുതി പിരിക്കുന്നതിനുള്ള അവകാശം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുഹമ്മദ് മുഹസിൻ പി.<br>,, ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.വി.ആർ. സുനിൽ കുമാർ | ഡോ. കെ. ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) നഗരസഭകളുടെ പ്രധാന വരുമാന മാർഗ്ഗങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | എ) നഗരസഭകളുടെ പ്രധാന വരുമാന മാർഗ്ഗങ്ങൾ നികുതി വരുമാനങ്ങളായ വസ്തുനികുതി, തൊഴിൽ നികുതി, എന്നിവയും നികുതിയേതര വരുമാനങ്ങളായ ലൈസൻസ് ഫീസ്, പെർമിറ്റ് ഫീസ്, കെട്ടിടങ്ങളുടെയും സ്ഥലത്തിന്റെയും വാടക എന്നിവയുമാണ്. |
| ബി) നഗരസഭകളിൽ അനുമതിയില്ലാതെയും പരസ്യനികുതി അടയ്ക്കാതെയും പരസ്യബോർഡുകൾ വയ്ക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നഗരസഭയുടെ അനുമതി ഇല്ലാതെ സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ/ ബാനറുകൾ, ഹോർഡിംഗുകൾ തുടങ്ങിയവ കേരള മുനിസിപ്പാലിറ്റി നിയമം 275-ാം വകുപ്പ പ്രകാരം നഗരസഭാ സെക്രട്ടറിക്ക് നീക്കം ചെയ്യാവുന്നതാണ്. കൂടാതെ, വ്യക്തികൾ/ സ്ഥാപനങ്ങൾ/ സംഘടനകൾ ചട്ടവിരുദ്ധമായി പരസ്യ ബോർഡുകൾ, ബാനറുകൾ തുടങ്ങിയവ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ച് നീക്കം ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് 07/03/2018-ലെ 41/ആർ.സി.2/2018/തസ്വഭവ നം. സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) നഗരസഭകൾ മുമ്പ് ഈടാക്കിയിരുന്ന പരസ്യ നികുതി ഇപ്പോൾ ഈടാക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | സി) ജി.എസ്.ടി നിയമം 2017 നിലവിൽ വന്നതിനെ തുടർന്ന് നഗരസഭകൾക്ക് പരസ്യനികുതി ഈടാക്കുവാൻ സാധിക്കുന്നില്ല. |

| | | | |
|---|---|---|---|
| ഡി) | മുൻപ് നഗരസഭകൾ പരസ്യനികുതി ഈടാക്കിയിരുന്ന വ്യവസ്ഥ കേരള ജി.എസ്.ടി. ആക്റ്റ് 2017 പ്രകാരം ഒഴിവാക്കിയിട്ടുണ്ടോ; അറിയിക്കുമോ ; | ഡി) | കേരള ചരക്ക സേവന നികുതി നിയമം (Kerala Goods and Services Tax Act) 2017, 173-ാം വകുപ്പിലെ (VII) വ്യവസ്ഥ പ്രകാരം കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 271-ാം വകുപ്പ് ഒഴിവാക്കിയിട്ടുള്ളതാണ്. കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 271-ാം വകുപ്പ് പരസ്യനികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ടുള്ളതാണ്. എന്നാൽ നിലവിൽ വന്നിട്ടുള്ള ടി ഭേദഗതി കേരള മുനിസിപ്പാലിറ്റി നിയമത്തിൽ ഉൾപ്പെടുത്തി ഭേദഗതി വരുത്തിയിട്ടില്ല. |
| ഇ) | ഭൂരിഭാഗം നഗരസഭകളുടെയും സാമ്പത്തിക പരാധീനതകൾ കണക്കിലെടുത്ത് പരസ്യനികുതി പിരിക്കുന്നതിനുള്ള അവകാശം നഗരസഭകൾക്ക് തിരികെ ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | ഇ) | പരസ്യനികുതി പിരിക്കുന്നതിനുള്ള അവകാശം നഗരസഭകൾക്ക് തിരികെ നൽകുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ